സംഭാഷണങ്ങൾ നിലയ്ക്കട്ടെ.
ചിരികൾ അപ്രത്യക്ഷമാവട്ടെ.
എന്തെന്നാൽ,
ഇത് മരിച്ചവർ ജീവിച്ചിരിക്കുന്നവരെ
സഹായിക്കുന്നതിൽ
ആഹ്ലാദിക്കുന്നയിടമാവുന്നു.



## ബോഡിലാബ്

**രജത് ആർ.**

ഡി.കെ. മെഡിക്കൽ കോളേജിലെ ഡിസക്ഷൻ ലാബിന് മുന്നിലെ വലിയ ഫലകത്തിലെ ഈ വാക്കുകൾ പുതിയതായി ജോലിക്കു വന്ന ഡോക്ടർ അഹല്യയ്ക്ക് കൗതുകകരമായി തോന്നി. എന്നാൽ അവിടെ കീറിമുറിച്ച് പഠിപ്പിക്കാൻ നൽകിയ അഞ്ചു മൃതദേഹങ്ങളിൽ ഒന്ന് കണ്ടതോടെ കൗതുകം ഭീതിക്ക് വഴിമാറി. പിന്നീട് നടന്ന അസാധാരണ സംഭവങ്ങളുടെ അർത്ഥം ചികഞ്ഞ അവൾക്ക് ഒരു കാര്യം മനസ്സിലായി: നിഗൂഢമായ ആ ലാബിലെ രഹസ്യങ്ങൾ ലോലഹൃദയർക്ക് ചേർന്നതല്ല. പക്ഷേ, അപ്പോഴേക്ക് സമയം വല്ലാതെ വൈകിയിരുന്നു.

ഡീസി
UPMARKET
fiction
www.dcbooks.com
നോവൽ
കവർ ഡിസൈൻ
വിശാഖ് രാജ്
ISBN 978-93-5482-430-2
9 789354 824302 00006
₹ 299
E-book Available

രജത് ആർ. • ബോഡിലാബ്
ഡീസി



ഡീസി

ആറാം പതിപ്പ്

രജത് ആർ.

# ബോഡി ലാബ്

## രജത് ആർ.

എറണാകുളം ജില്ലയിലെ കാക്കനാട് സ്ഥിരതാമസം. കൊച്ചി ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം. ആദ്യനോവലായ *ഒന്നാം ഫൊറൻസിക് അദ്ധ്യായം* (2021) ഇൻഡിവുഡ് ഭാഷാസാഹിത്യ പുരസ്കാരത്തിൽ പ്രത്യേക പരാമർശത്തിന് അർഹമായി. *അൽ മല്ലു* (2020) എന്ന മലയാള സിനിമയുടെ സഹകഥാകൃത്ത്. ഡി സി ബുക്സ് ഫ്ലാഷ് ഫിക്ഷൻ മത്സരത്തിലൂടെ തിരഞ്ഞെടുത്ത മിനിക്കഥാസമാഹാരത്തിൽ രചന ഉൾപ്പെട്ടിട്ടുണ്ട്. ശരീരശാസ്ത്രത്തിലും മെഡിക്കൽ വിദ്യാഭ്യാസത്തിലുമായി ശാസ്ത്രീയ ജേർണലുകളിൽ പന്ത്രണ്ട് പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു. ഇപ്പോൾ കൊല്ലം ഗവ. മെഡിക്കൽ കോളേജിൽ അനാട്ടമി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായി ജോലി ചെയ്യുന്നു.

രജത് ആർ. ന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

***നോവൽ:*** ബോഡിലാബ്, സസ്പെൻസ് ജീൻ, ഫ്രൈഡേ ഫൊറൻസിക് ക്ലബ്ബ്

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച നോവലുകൾക്കായി ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

# ബോഡിലാബ്

## രജത് ആർ.

UPMARKET fiction

**Deecee Upmarket Fiction**
*An imprint of* **D C Books**
DC Kizhakemuri Edam
Good Shepherd Street
KERALA, INDIA-686 001

MALAYALAM LANGUAGE
Body Lab

NOVEL
*by* Rajad R.

Rights Reserved
First Published July 2022
This edition-April 2025

P-ISBN: 978-93-5482-430-2

Distributors : D C Books-Current Books, INDIA

Printed in India: D C Press, Kottayam, INDIA.

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Rajad R.
Body lab/Rajad R.
232 p., 21 cm.
ISBN 978-93-5482-430-2.
1. Malayalam novel. I. Title.
894.812 3-dc 22.

*This is a work of fiction. The names, characters, places, incidents are all subject to author's imagination and used fictitiously. Any resemblance to actual events, places or persons, living or dead is purely coincidental.*

FSC
www.fsc.org
FSC® A000509
The mark of responsible forestry

*This book is produced from independently certified FSC® paper to ensure responsible forest management.*

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

: www.dcbooks.com : www.dcbookstore.com
: ebooks.dcbooks.com : customercare@dcbooks.com : 7290092216

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

08/25-26-Sl.No. 27998-dcb 8117-6-1000-6577-04-25-hn 60-T5-e nm-d(t) sp

സാന്ദ്രയ്ക്ക്...

ലോകം അടിച്ചേൽപ്പിക്കുന്ന പരിമിതികളെ
അമ്പരപ്പിക്കുംവിധം ഭേദിക്കാൻ ശ്രമിക്കുന്നവർക്ക്...
അവരോടൊപ്പം നിലകൊള്ളുന്നവർക്ക്...

*“സ്വതന്ത്രശലഭമായി ഞാൻ നീലാകാശത്തേക്ക് പറക്കട്ടെ,*
*കാർമേഘങ്ങൾ മൂടുമ്പോൾ മഴയായ് തിരികെ വരാൻ.”*

– അനോണിമസ്
(THE GIRL BEHIND THE VEIL ബ്ലോഗ്, 2007)

# ബോധിലാബ്

## പ്രാരംഭം

ഒടിഞ്ഞുതൂങ്ങിയ കൈകളിൽനിന്ന് ചീറ്റുന്ന രക്തം അന്തരീക്ഷത്തിൽ ഫൗണ്ടനുകൾ തീർക്കുന്നു. ഞാനിതാ വീഴുകയാണ്. നിലംതൊടുന്ന നിമിഷം വേദനകൾക്ക് ശമനം ലഭിച്ചേക്കും. എല്ലാ വേദനകൾക്കും!

എങ്കിലും എന്തുകൊണ്ടാണ് കൺമുന്നിൽ അവളുടെ മുഖം മാത്രം തെളിയുന്നത്? അന്ന് ഡിസക്ഷൻ ലാബിലെ കൂറ്റൻ ടാങ്കിൽ നിറഞ്ഞു കിടന്നിരുന്ന ഫോർമാലിനിലൂടെ മുകളിലേക്ക് പൊന്തിവന്ന ശരീരത്തിലെ മുഖം!

വായുവിലൂടെ ഞാൻ കീഴേക്കു പതിക്കുമ്പോൾ ഫോർമാലിൻ ലായനിയിലൂടെ അവൾ മുകളിലേക്ക് ഉയരുന്നു.

ഞാൻ അഹല്യ...

അവൾ?